(ബി) വിദ്യാർത്ഥികളെ പ്രിൻസിപ്പലിനേയും സ്റ്റാഫിനേയും ഓഫീസ് മുറിയിൽ ഘെരാവോ ചെയ്തുവയ്ക്കുകയും, തുടർന്ന് അക്രമപ്രവർത്തനങ്ങളും നടത്തുകയും ചെയ്തതിനാലാണ് അവരെ അറസ്റ്റു ചെയ്തത്.

പോലീസ് സ്റ്റേഷനുകൾക്കു കെട്ടിടം

843 [1285] ശ്രീ. സി. എ. കുര്യൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുമളി, പെരുവന്താനം പോലീസ് സ്റ്റേഷനുകൾക്ക് പുതിയതായി കെട്ടിടം പണിയാൻ നടപടി സ്വീകരിക്കുമോ;

(ബി) പോലീസ് ഉദ്യോഗസ്ഥൻമാർക്കു വേണ്ടി ഈ പ്രദേശത്ത് കോർട്ടേഴ്സ് പണിയുന്നതിനു മുൻഗണന നൽകുമോ?

ഉത്തരം

(എ) ഈ സ്റ്റേഷനുകൾക്കു കെട്ടിടം പണിയുന്നതിനുവേണ്ട നടപടികൾ പൊതുമരാമത്തുവകുപ്പു സ്വീകരിച്ചുവരുന്നു.

(ബി) ഇത് സാമ്പത്തിക ലഭ്യതയെ ആശ്രയിച്ചിരിക്കുന്നു.

പോലീസ് സേനയിലേക്കു നടന്ന റിക്രൂട്ട്മെൻറിൽ അഴിമതി

844 [1288] ശ്രീ. പി. ബി. അബ്ദുൾ. പിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ഏതാനും മാസങ്ങൾക്കുമുമ്പു സംസ്ഥാന പോലീസ് സേനയിലേക്കു നടന്ന റിക്രൂട്ട്മെൻറിലെ അഴിമതിയെ സംബന്ധിച്ച പരാതിയുടെ അടിസ്ഥാനത്തിൽ ഉള്ള അന്വേഷണം പൂർത്തിയായിട്ടുണ്ടോ;

(ബി) പരാതിയുടെ അടിസ്ഥാനത്തിലും അന്വേഷണത്തിൻെറ ഫലമായും ഗവൺമെൻറ് എന്തെല്ലാം നടപടികൾ ഇതിൽ സ്വീകരിച്ചു എന്നു വ്യക്തമാക്കുമോ;

(സി) പരാതികൾ ഉന്നയിച്ച തിരുവനന്തപുരം യുവജനതാ നേതാക്കളായ പൂന്തുറ സോമൻ, മലയിൻകീഴ് ശശികുമാർ എന്നിവരെ പോലീസ് അകാരണമായി അറസ്റ്റു ചെയ്തു തിരുവനന്തപുരം ചാല പോലീസ് സ്റ്റേഷനിൽ കൊണ്ടുപോയി മർദ്ദിക്കുകയും അവരുടെ പേരിൽ കള്ളക്കേസുകൾ എടുക്കുകയും ചെയ്ത സംഭവം ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇക്കാര്യത്തിൽ ഗവൺമെൻറ് എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർക്കു എതിരായി ഏതു രൂപത്തിൽ ശിക്ഷണ നടപടികൾ കൈക്കൊണ്ടു എന്നും വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) സെലക്റ്റ് ചെയ്തിരുന്ന 120 പേരിൽ രണ്ടു പേരെ ലിസ്റ്റിൽനിന്നു നീക്കം ചെയ്തു.

(സി) ഇതിലെ സൂചന ശരിയല്ല. എന്നാൽ റിക്രൂട്ട് പി. സി. 42 മധുസൂദനൻ നായരെ മർദ്ദിക്കുകയും ജോലിക്കു തടസ്സപ്പെടുത്തുകയും ചെയ്തതിന്റെ പേരിൽ അയാളുടെ പരാതി അനുസരിച്ചു സെക്ഷൻസ് 294.ß 332, 224, 34 ഐ. പി. സി. പ്രകാരം ഇവരുടെ പേരിൽ ഫോർട്ട് പോലീസ് സ്റ്റേഷനിൽ 22/79.ാം നമ്പരായി കേസ് റജിസ്റ്റർ ചെയ്തിട്ടുണ്ട്. പരാതി ഉന്നയിച്ചവരെ മർദ്ദിച്ചു എന്ന ആരോപണങ്ങൾ ദക്ഷിണമേഖലാ ഡി. ഐ. ജി. അന്വേഷിക്കുകയും അടിസ്ഥാനരഹിതമാണെന്നു തെളിയുകയും ചെയ്തു.

(ഡി) മേൽപറഞ്ഞ ഉത്തരത്തിന്റെ വെളിച്ചത്തിൽ ശിക്ഷണ നടപടികൾ കൈക്കൊള്ളേണ്ട ആവശ്യം ഉണ്ടെന്നു തോന്നുന്നില്ല.

എസ്. എ. പി.--ക്കാർക്കു പി. ടി. എ. നൽകാൻ വ്യവസ്ഥ

845 [1289] ശ്രീ. പി. ബി. ആർ. പിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പോലീസ് സേനാ വിഭാഗമായ കെ. എ. പി., എ. എസ്. പി. തുടങ്ങിയ എല്ലാ വിഭാഗം പോലീസുകാർക്കും പി.ടി.എ. നൽകുമ്പോൾ എസ്. എ. പി. ക്കാർക്കു മാത്രം പി. ടി. എ. നൽകാതിരിക്കുന്നതിന്റെ കാരണമെന്താണ്;

(ബി) ജോലിയിലോ സേവനവേതന വ്യവസ്ഥകളിലോ യാതൊരു വ്യത്യാസവുമില്ലാതിരിക്കെ ഇതര പോലീസ് സേനാ വിഭാഗങ്ങൾക്കു നൽകുന്ന പി. ടി. എ., എസ്. എ. പി.-ക്കാർക്കുകൂടി നൽകാൻ വ്യവസ്ഥ ചെയ്യുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ സായുധസേനാ ബറ്റാലിയനുകളായ എം. എസ്. പി., എസ്. എ. പി., കെ. എ. പി.1, കെ. എ. പി. 2 എന്നിവയിൽ ജോലി ചെയ്യുന്ന ആർക്കും തന്നെ പി. ടി. എ. കൊടുക്കുന്നില്ല.

(ബി) പോലീസ് സായുധസേനാ വിഭാഗങ്ങൾക്കു മറ്റു പോലീസ് സൈന്യത്തെപ്പോലെ കൂടെക്കൂടെ യാത്ര ചെയ്യേണ്ട ആവശ്യം വരുന്നില്ല. അതിനാൽ അവർക്കു പി. ടി. എ. നൽകേണ്ട ആവശ്യമില്ല.

LIBRARY ARCHIVES Kerala Legislative Assembly